ബാർ കോഴ കേസ്

257 (261) ഡോ. കെ. ടി. ജലീൽ : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

ബാർ കോഴ കേസുമായി ബന്ധപ്പെട്ട് നടത്തിയ തുടരന്വേഷണത്തിന്റെ ഫലം കോടതിയിൽ ഹാജരാക്കിയിട്ടുണ്ടോ ?

ഉത്തരം

ബാർ കോഴ കേസുമായി ബന്ധപ്പെട്ട് നടത്തിയ തുടരന്വേഷണത്തിന്റെ ഫലം ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

ബാർ കോഴ ഇടപാടിലെ വിജിലൻസ് അന്വേഷണം

258 (262) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ ഇടപാടുകൾ അന്വേഷിക്കുന്ന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ബാർ കോഴ ഇടപാടുകളിൽ ആരോപണ വിധേയരായിട്ടുള്ള മന്ത്രിമാർ ആരൊക്കെയാണ്, എന്തെല്ലാം കുറ്റകൃത്യങ്ങളാണ് ആരോപണങ്ങളിൽ അടങ്ങിയിരിക്കുന്നത്, ഏതെല്ലാം എഫ്.ഐ.ആറുകളിൽ ഏതെല്ലാം മന്ത്രിമാർ പ്രതികളായിരുന്നു.

(സി) സി.ആർ.പി.സി. സെക്ഷൻ 164 സ്റ്റേറ്റ്മെന്റിലൂടെ ബാർ ഹോട്ടൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ഉന്നയിച്ച ആരോപണങ്ങൾ എന്തെല്ലാം ; ഏതെല്ലാം മന്ത്രിമാരുടെ കുറ്റകൃത്യങ്ങളാണ് ആരോപിക്കപ്പെട്ടത് ;

(ഡി) നിലവിലെ മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരെ ഗുരുതരമായ ആരോപണങ്ങൾ തെളിവുകൾ സഹിതം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിജിലൻസ് അതിന്റെ നിയമപരമായ കടമ നിറവേറ്റുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; അന്വേഷണം നേരിടുന്ന മന്ത്രിമാരുടെ സമ്മർദ്ദങ്ങൾകൊണ്ട് വിജിലൻസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന ആക്ഷേപങ്ങൾ പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) (1) ബാർ കോഴയുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്കെതിരെ വി.സി.06/14/എസ്.ഐ.യു. - I എന്ന നമ്പരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. എം. മാണി ഒരു കോടി രൂപ ബാർ ഉടമകളിൽനിന്ന് കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത്.

(2) ബാർ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ശ്രീ. ബിജു രമേശ് വി.സി.06/14/എസ്.ഐ.യു. - I എന്ന കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി മജിസ്ട്രേറ്റ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബു ബാർ ഉടമകളിൽനിന്നും രൂപ വാങ്ങിയതായുള്ള വിവരത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാഥമിക അന്വേഷണം നടന്നുവരുന്നു.

(ഡി) പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങൾ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോ കാര്യക്ഷമമായും, നിഷ്പക്ഷമായും അന്വേഷിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിൽ വിജിലൻസ്&ആന്റി കറപ്ഷൻ ബ്യൂറോയുടെമേൽ യാതൊരു സമ്മർദ്ദവുമില്ല.

ബാർ കോഴ കേസ്

259 (263) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാർ കോഴ കേസിൽ ആരോപണവിധേയനായ എക്സൈസ് വകുപ്പ് മന്ത്രിയുടെ സ്വത്തുക്കൾ സംബന്ധിച്ച് വിജിലൻസ് അന്വേഷണ സംഘത്തിന് പരാതി ലഭിച്ചിട്ടുണ്ടായിരുന്നോ ; അന്വേഷിക്കുകയുണ്ടായോ ;

(ബി) ബാർ ലൈസൻസ് ഫീസ് കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പുമന്ത്രിക്ക് സെക്രട്ടേറിയറ്റിൽ എത്തി എത്ര ലക്ഷം രൂപ കൈമാറിയതായിട്ടാണ് ശ്രീ. ബിജുരമേശ് വിജിലൻസിന് മൊഴി നൽകിയിരുന്നത് എന്ന് അറിയിക്കാമോ ;

(സി) ബാർ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജുരമേശ് എക്സൈസ് വകുപ്പുമന്ത്രിക്കെതിരെ മജിസ്ട്രേറ്റിന് മുൻപാകെ നൽകിയ രഹസ്യമൊഴിയുടേയും വിജിലൻസ് സംഘത്തിന് നൽകിയ വിശദമായ മൊഴിയുടേയും അടിസ്ഥാനത്തിൽ വിജിലൻസ് സംഘം എത്തിയ നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly